**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2253** **30-07-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ വിവിധ പദ്ധതികളിൽ നിന്ന് ജലവിതരണം നടത്തി വരുന്നുണ്ട്. |
| (ബി) | നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകൾക്കായി പ്രത്യേക കുടിവെള്ള പദ്ധതികൾ ഒന്നും നിലവിലില്ല എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) | നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകളിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിൽ നിലവിലുള്ള ജലവിതരണ ശൃംഖലയിൽ ആവശ്യമായ ശുദ്ധജലം നിലവിൽ ഉറപ്പാക്കുന്നുണ്ട്. തിരുവനന്തപുരത്തെ തീരദേശ മേഖലയെ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ കുടിവെള്ള വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതി, കോർപ്പറേഷന്റെ ഡെപ്പോസിറ്റ് പ്രവൃത്തി എന്നിവയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല വിപുലീകരിക്കുന്ന പ്രവൃത്തികളും നടന്നു വരുന്നു. 2. കൊല്ലം ജില്ലയിലെ തീരദേശ മേഖലയിൽ നിലവിലുള്ള ജലവിതരണ ശൃംഖലയിൽ ആവശ്യമായ ശുദ്ധജലം നിലവിൽ ഉറപ്പാക്കുന്നുണ്ട്. കൊല്ലം കോർപ്പറേഷനിലെ തീരദേശ മേഖലകളായ ഇരവിപുരം ശക്തികുളങ്ങര QWSS പദ്ധതിയിൽ ഉൾപ്പെടുത്തിയും, മയ്യനാട് തീരദേശ മേഖലയിലും പരവൂർ മുനിസിപ്പാലിറ്റിയിലും ജിക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയുമാണ് കുടിവെള്ള വിതരണം നടത്തി വരുന്നത്. 3. ആലപ്പുഴ ജില്ലയിൽ ചേർത്തല നഗരസഭയിൽ ജപ്പാൻ ധനസഹായ ത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതി നിലവിലുണ്ട്. ആലപ്പുഴ നഗരസഭയിൽ ആലപ്പുഴ കുടിവെള്ള പദ്ധതി നിലവിലുണ്ട്. ആയതിന്റെ നവീകരണവും വിപുലീകരണവും അമൃത്, കിഫ്ബി എന്നീ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ വഴി നടപ്പിലാക്കുന്നു. ഹരിപ്പാട് നഗരസഭയിൽ കുഴൽ കിണർ സ്കീമുകൾ നിലവിലുണ്ട്. കായംകുളം നഗരസഭയിൽ കായംകുളം, ആറാട്ടുപ്പുഴ എന്നീ പദ്ധതികൾ നിലവിലുണ്ട്. 4. തൃശ്ശൂർ ജില്ലയിലെ തീര പ്രദേശങ്ങളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും ജലവിതരണം നടത്തി വരുന്നു. 5. മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ നഗരമേഖലകൾ ഉൾപ്പെടുന്ന തീരദേശ മേഖലകളിലെ കുടിവെള്ളക്ഷാമം ജലജീവൻ മിഷൻ (അർബൻ) പദ്ധതി നടപ്പിലാക്കുന്നതോടു കൂടി പരിഹരിക്ക പ്പെടുന്നതാണ്. |
| (സി) | എങ്കിൽ നഗര മേഖലകളിൽ ഉൾപ്പെടുന്ന തീരദേശമേഖലകളിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | 1. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകളിൽ മറ്റുള്ള കുടിവെള്ള പദ്ധതികളിൽ നിന്നുള്ള കുടിവെള്ളം ലഭ്യമാകുന്നതിനാൽ പ്രസ്തുത സ്ഥലങ്ങളിലേക്കായി ഒരു പ്രത്യേക കുടിവെള്ള പദ്ധതി ആവിഷ്കരിക്കേണ്ട ആവശ്യകത നിലവിൽ ഇല്ല. എറണാകുളം ജില്ലയിലെ ചില ഒറ്റപ്പെട്ട തീരദേശ മേഖലകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2. മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജലജീവൻ മിഷൻ (അർബൻ) പദ്ധതി നടപ്പിലാക്കുന്നതോടു കൂടി നഗരമേഖലകളിൽ ഉൾപ്പെടുന്ന തീരദേശ മേഖലകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ